KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

(ഡി ഒ എ )

ഡി ഒ എ /A3/289/2026 കണ്ണൂർ,തീയതി: 15.07.2026

<u>പ്രസിദ്ധീകരണത്തിന്</u>

<u>അഫിലിയേറ്റഡ് കോളേജുകളിലെ പി. ജി. പ്രവേശനത്തിനുള്ള സപ്ലിമെന്ററി അഡ്മിഷൻ</u>

കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള (ഗവൺമെന്റ്/എയ്ഡഡ്/ സെൽഫ് ഫിനാൻസിങ്ങ്/ ഗവ. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) കോളേജുകളിലെ പി.ജി. പ്രോഗ്രാമുകളിലേക്ക് SC/ST വിഭാഗത്തിലുൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കുമുള്ള സപ്ലിമെന്ററി അഡ്മിഷനിൽ പങ്കെടുക്കുന്നതിന് ജൂലൈ 16 മുതൽ ജൂലൈ 18 വരെ തീയതികളിൽ വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വിദ്യാർത്ഥികൾ സപ്ലിമെന്ററി അഡ്മിഷന് വേണ്ടി അപേക്ഷകൾ അതത് കോളേജുകളിൽ നേരിട്ട് ഹാജരാക്കുകയോ, ഇ മെയിൽ അയക്കുകയോ ചെയ്യേണ്ടതില്ല.**

അപേക്ഷകർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയിൽ നിലവിൽ ഓപ്ഷനുകളൊന്നും ഉണ്ടാവുകയില്ല. അപേക്ഷകർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സപ്ലിമെന്ററി അഡ്മിഷനിൽ പങ്കെടുക്കുന്നതിനായി ആവശ്യമായ ഓപ്ഷനുകൾ (പരമാവധി 5 എണ്ണം) ഉൾപ്പെടുത്തേണ്ടതാണ്.

ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. സപ്ലിമെന്ററി അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും പ്രൊഫൈലിൽ ലോഗിൻ ചെയ്ത് നിർബന്ധമായും ഓപ്ഷനുകൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം സപ്ലിമെന്ററി അഡ്മിഷനിൽ ഉൾപ്പെടുന്നതായിരിക്കില്ല.

നേരത്തെ അലോട്ട്മെന്റ് ലഭിച്ചവർ (കോളേജുകളിൽ താത്കാലികമായോ സ്ഥിരമായോ പ്രവേശനം നേടിയവർ, അലോട്ട്മെന്റിൽ നിന്നും പുറത്തായവർ എന്നിവരുൾപ്പെടെ) സപ്ലിമെന്ററി അഡ്മിഷനിൽ പങ്കെടുക്കുന്നതിനായി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് 200/- രൂപ കറക്ഷൻ ഫീ ഒടുക്കേണ്ടതാണ്. കറക്ഷൻ ഫീസിനത്തിൽ 200/- രൂപ ഒരു തവണ ഒടുക്കിയിട്ടുള്ളവർക്കും, ഇത് വരെ അലോട്ട്മെന്റുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തവർക്കും, പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്കും കറക്ഷൻ ഫീസൊടുക്കാതെ തന്നെ ഓപ്ഷനുകൾ ഉൾപ്പെടുത്തി സപ്ലിമെന്ററി അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

വേക്കൻസി ലിസ്റ്റ് സർവ്വകലാശാല അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

Press Release(Malayalam) of File DOA/A3/289/2026 Approved by Director Directorate of admission on 15-Jul-2026 04:24 PM - Page 1

സംവരണ വിഭാഗത്തിൽപ്പെട്ടവർ ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ ജനറൽ കാറ്റഗറിയിലേക്ക് മാറാൻ സാധ്യതയുള്ളതിനാൽ ജനറൽ കാറ്റഗറിയിൽ ഉള്ള ഒഴിവുകളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്.

സപ്ലിമെന്ററി അഡ്മിഷനിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ ജൂലൈ 20, 21 തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ടെത്തി അഡ്മിഷൻ എടുക്കേണ്ടതാണ്. സപ്ലിമെന്ററി അഡ്മിഷനിൽ പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ അപേക്ഷയിൽ നൽകിയിരിക്കുന്ന ഫോൺ നമ്പർ മുഖേന ബന്ധപ്പെടുന്നതായിരിക്കും. ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ, സപ്ലിമെന്ററി അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ മുൻപ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങേണ്ടതുള്ളൂ.

ഹെൽപ്പ് ലൈൻ നമ്പർ: 04972715227
ഇ-മെയിൽ ഐഡി : pgdoa@ kannuruniv.ac.in
വെബ്സൈറ്റ് : https://admissions.kannuruniversity.ac.in/

ഒപ്പ്/-
ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. പി. ആർ. ഓ.
2. ഐ. ടി. ഡയറക്ടർ
3. വെബ് മാനേജർ
4. അന്വേഷണ വിഭാഗം

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ

Press Release(Malayalam) of File DOA/A3/289/2026 Approved by Director Directorate of admission on 15-Jul-2026 04:24 PM - Page 2